"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ് ലെ എച്ച്. എസ്. എസ്. ടി (ജൂനിയർ) ഗണിതം, ശ്രീമതി. അശ്വതി. വി., ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം.911/2025 മ്മേലുള്ള 10/1/2025 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.3642/2025/GEDN തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ് ലെ എച്ച്. എസ്. എസ്. ടി (ജൂനിയർ) ഗണിതം, ശ്രീമതി. അശ്വതി. വി സമർപ്പിച്ച 22/12/2024 ലെ എക്സിബിറ്റ് പി 12 റിവിഷൻ പെറ്റീഷൻ.
2. കോഴിക്കോട് ജില്ലയിലെ ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ് ലെ എച്ച്. എസ്. എസ്. ടി (ജൂനിയർ) ഗണിതം, ശ്രീമതി. അശ്വതി. വി, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം.911/2025 മ്മേലുള്ള 10/1/2025 ലെ വിധിന്യായം.
3. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/2/2025 ലെ DEOVKA/403/2025-B3 നമ്പർ കത്ത്
4. ഹയർ സെക്കന്ററി വകുപ്പ് കോഴിക്കോട് മേഖലാ ഉപമേധാവിയുടെ 15/2/2025 ലെ RDDHSE/KKD/1501/2023 (A6) നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/2/2025 ലെ EM3/3935/2025/ഡി.ജി.ഇ നമ്പർ കത്ത്
6. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27/2/2025 ലെ DDEKKD/1578/2025-B4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ് ലെ എച്ച്. എസ്. എസ്. ടി (ജൂനിയർ) ഗണിതം ശ്രീമതി. അശ്വതി. വി., ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം.911/2025 മ്മേലുള്ള 10/1/2025 ലെ വിധിന്യായത്തിൽ,

പെറ്റീഷണർ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) റിവിഷൻ പെറ്റീഷൻ പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയ പ്രകാരം ഹർജിക്കാരി, മാനേജർ, ശ്രീമതി. അയിഷ ടി എന്നിവരുടെ പ്രതിനിധികളേയും വിദ്യാഭ്യാസ ഓഫീസർമാരേയും 20/2/2025 ൽ കേൾക്കുകയുണ്ടായി.

(2) Ext.P12 റിവിഷൻ പെറ്റീഷന്റെ സംഗ്രഹവും, ഹിയറിംഗ് വേളയിൽ ഹർജിക്കാരന്റെ പ്രതിനിധി ഉന്നയിച്ച വാദഗതികളും ചുവടെ ചേർക്കുന്നു.

1. കോഴിക്കോട് ജില്ലയിൽ വടകര വിദ്യാഭ്യാസ ജില്ലയിലെ ഒരു എയ്ഡഡ് സ്ഥാപനമാണ് ഇരിങ്ങണ്ണൂർ ഹയർ സെക്കന്ററി സ്കൂൾ. 5 മുതൽ 7 വരെ യു.പി.വിഭാഗവും 8 മുതൽ 10 വരെ ഹൈസ്കൂൾ വിഭാഗവും ഹയർ സെക്കന്ററി വിഭാഗവും നിലവിൽ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.

2. 06.06.2019 തീയതിയിൽ സ്കൂൾ മാനേജർ താഴെ പറയുന്ന 03 പേരെ യു. പി. എസ്. ടി ആയി നിയമിക്കുകയുണ്ടായി.

| ക്രമ നമ്പർ | പേര് | ഒഴിവ് സ്വഭാവം | നിയമനതീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | ബിനീഷ് രാജ് | സക്കീന. ടി UPST യെ HST (P/S) തസ്തികയിലേയ്ക്ക് 06.06.2019 മുതൽക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവ് | 06.06.2019 | Approved w.e.f. 29.06.2019 as per |
| 2 | ഷാനിബ കണ്ടം വലിയത്ത് | ദിവ്യ കെ. UPSTയെ HST (Malayalam) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവ് | 06.06.2019 | Approved w.e.f. 15.07.2019 |
| 3 | അശ്വതി.വി | പ്രമ്യ പ്രേമൻ കെ. കെ. UPST യെ HST (English) ആയി ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവ് (Appointment of Premya Preman. K. K is approved w.e.f. 15.07.19 as per Order. No. B3/13336/2019 dated 27.10.2023 of the DEO,Vadakarqa | 06.06.2019 | Not approved |

**3.** ഒരേ തിയതി ആയ **06.06.2019** മുതൽക്ക് മാനേജർ **03 UPST** മാരുടെ നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്. **03** പേരും **Statutory Claimants** അല്ലാത്തതും **fresh** നിയമനാർത്ഥികളും ആണ്. ശ്രീമതി. ബിനിഷരാജ് നെ **06.06.2019** മുതൽക്ക് **UPST** ആയി നിയമിച്ചെങ്കിലും ഒഴിവ് സ്ഥാപിതമായിട്ടുള്ളത് **29.06.2019** മുതൽക്കാണ് എന്നത് കണക്കിലെടുത്ത് ടിയാരിയുടെ നിയമനം **29.06.2019** മുതൽക്ക് ഇതിനകം അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ശ്രീമതി. ഷാനിബ കണ്ടം വലിയത്ത് -നെ **06.06.2019** മുതൽക്ക് **UPST** ആയി നിയമിച്ചെങ്കിലും ഒഴിവ് സ്ഥാപിതമായിട്ടുള്ളത് **15.07.2019** മുതൽക്കാണ് എന്നത് കണക്കിലെടുത്ത് ടിയാളുടെ നിയമനം **15.07.2019** മുതൽക്ക് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **B3/714705/2024 dated, 24.07.2024** നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ശ്രീമതി. പ്രമ്യ പ്രേമൻ. കെ. കെ **(UPST)** യെ **06.06.2019** മുതൽക്ക് സ്ഥാനക്കയറ്റം നൽകി **HST (English)** ആയി നിയമിച്ചെങ്കിലും പ്രസ്തുത നിയമനം **B3/13336/ 2019 dated, 27.10.2023** നമ്പർ ഉത്തരവ് പ്രകാരം **15.07.2019** മുതൽക്ക് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതാണ്.

**4.** ശ്രീമതി. പ്രമ്യ പ്രേമൻ. കെ. കെ **UPST** യെ **06.06.2019** മുതൽക്ക് സ്ഥാനക്കയറ്റം നൽകി **HST (English)** ആയി നിയമിച്ചെങ്കിലും പ്രസ്തുത നിയമനം **B3/13336/2019 dated 27.10.2023** നമ്പർ ഉത്തരവ് പ്രകാരം **15.07.2019** മുതൽക്ക് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതാണ്.

**5.** ശ്രീമതി. പ്രമ്യ പ്രേമൻ.കെ.കെ യുടെ **HST (English)** ആയുള്ള സ്ഥാനക്കയറ്റ നിയമനം **15.07.2019** മുതൽക്ക് അംഗീകരിച്ചിട്ടുള്ളതിനാൽ എന്നെ നിയമിച്ചിട്ടുള്ള ഒഴിവ് **15.07.2019** മുതൽക്ക് സ്ഥാപിതമാണ്.

**6. 06.06.2019** മുതൽക്കുള്ള എന്റെ **UPST** നിയമനം **B3/13332/2019 dated, 22.09.2020** നമ്പർ ഉത്തരവ് പ്രകാരം വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. താഴെ പറയുന്ന കാരണമാണ് നിയമനം നിരസിക്കുന്നതിന് ചൂണ്ടി ക്കാണിച്ചിട്ടുള്ളത്.

"ശ്രീമതി. പ്രമ്യ പ്രേമന്റെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല ആയതിനാൽ ശ്രീമതി.അശ്വതി.വി യെ ഉൾക്കൊള്ളാനുള്ള തസ്തിക സ്കൂളിൽ ലഭ്യമല്ല."

**7.** വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ ഹർജി താഴെ പറയും പ്രകാരം നിരസിക്കുകയുണ്ടായി.

ശ്രീമതി. അശ്വതി. വി യുടെ നിയമനം ആദ്യം നടത്തിയത് **06.06.2019** മുതലാണെങ്കിലും ഒഴിവിന്റെ അഭാവത്തിൽ മാനേജർ സീനിയർ നിയമിതയെ ആദ്യ ഒഴിവുകളിൽ എന്ന ക്രമത്തിൽ പുന.ക്രമീകരണം നടത്തുകയും ആയത് പ്രകാരം

ശ്രീമതി. അശ്വതി വി. യുടെ നിയമനം **31.12.2019** മുതൽ ശ്രീമതി. സക്കീനയുടെ സ്ഥാനക്കയറ്റം അംഗീകരിച്ച ഒഴിവിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ **UPST** തസ്തികയിൽ **31.12.2019** മുതൽ ശ്രീമതി. അശ്വതി വി യുടെ നിയമനം നിരസിച്ച വടകര ജില്ലാ വിദ്യഭ്യാസ ഓഫീസറുടെ നടപടി ശരിവെച്ചു കൊണ്ട് റിവിഷൻ അപ്പീൽ നിരസിച്ച് **23300/2023** നമ്പർ റിട്ട് ഹർജിയിന്മേലുള്ള വിധിന്യായം നടപ്പാക്കി ഉത്തരവായി.

**8.** പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) **22.12.2024** തീയതിയിലെ **EM3/10390/2024 /DGE** നമ്പർ ഉത്തരവ് ശരിയല്ലാത്തതാണ്. ശ്രീമതി. സക്കീന. ടി യുടെ **HST (PS)** ആയുള്ള സ്ഥാനക്കയറ്റ നിയമനം പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയക്ടറുടെ (ജനറൽ) **EM3/ 16668/2023/DGE dated, 14.06.2024** നമ്പർ ഉത്തരവ് പ്രകാരം **29.06.2019** മുതൽക്ക് അംഗീകരിച്ചു നൽകുന്നതിനുവേണ്ടി വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതാണ്.

**9.** ശ്രീമതി. സക്കീന. ടി യുടെ **HST** (ഫിസിക്കൽ സയൻസ്) സ്ഥാനക്കയറ്റ നിയമനം ബി3/**739475/2024** തീയതി. **04.7.2004** ഉത്തരവ് പ്രകാരം **29.06.2024** മുതൽക്ക് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

**10.** ഇത്തരത്തിൽ എന്നെ **06.06.2019** മുതൽക്ക് **UPST** ആയി നിയമിച്ചിട്ടുള്ള ഒഴിവ് **15.07.2019** മുതൽക്ക് സ്ഥാപിതമാണ് എന്ന വസ്തുത കണക്കിലെടുക്കാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ശരിയല്ലാത്തതാണ്. എന്നോടൊപ്പം ഒരേ ദിവസം അതായത് **06.06.2019** തീയതിയിൽ നിയമിതയായ ശ്രീമതി. ബിനിഷ രാജ് ന്റെ **UPST** ആയുള്ള നിയമനം ഒഴിവ് സ്ഥാപിതമായ **29.06.2019** തീയതി മുതൽക്കും ശ്രീമതി. ഷാനിബ കണ്ടം വലിയത്ത് ന്റെ **UPST** ആയുള്ള നിയമനം ഒഴിവ് സ്ഥാപിതമായ **15.07.2019** മുതൽക്കും ഇതിനകം അംഗീകരിച്ചു നൽകിയിട്ടുള്ളത് കണക്കിലെടുത്ത് എന്റെ **UPST** ആയുള്ള നിയമനം ഒഴിവ് സ്ഥാപിതമായ **15.07.2019** തീയതി മുതൽക്ക് അംഗീകരിക്കാത്ത നടപടി തികച്ചും വിവേചനപരമാണ്.

**11. M.S.C. (Mathematics), B.E.D** യോഗ്യതകൾ നേടിയ ഞാൻ തമിഴ്നാട്ടിലുള്ള "ഭാരതി ദാസൻ യൂണിവേഴ്സിറ്റി' യുടെ കീഴിലുള്ള മരുതുപാണ്ഡ്യർ കോളേജിൽ നിന്നും **M.Phil** കോഴ്സ് ചെയ്യുന്നതിന് അപേക്ഷ നൽകിയിരുന്നു. **01.11.2019** മുതൽ **30.08.2020** വരെയുള്ള കാലയളവിലാണ് **M.Phil** കോഴ്സ് പൂർത്തീകരിച്ചിട്ടുള്ളത്.

**12. M.PHIL** കോഴ്സിന് സെലക്ഷൻ കിട്ടിയതിനെ തുടർന്ന് **01.11.2019** മുതൽ **30.08.2020** വരെയുള്ള കാലയളവിൽ **LWA** അനുവദിക്കുന്നതിനുള്ള അപേക്ഷ സ്ക്കൂൾ മാനേജരുടെ ശുപാർശ സഹിതം സ്കൂൾ ഹെഡ്മിസ്ട്രസ്സ് വശം **07.10.2019** തീയതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്റെ **UPST** നിയമനം

അംഗീകരിക്കാത്തതിനാലാണ് എന്റെ അവധി അപേക്ഷ ബന്ധപ്പെട്ടവർക്ക് സമർപ്പിക്കാതിരുന്നത് എന്ന് ഞാൻ മനസ്സിലാക്കുന്നു. പ്രസ്തുത അവധി അപേക്ഷ സ്കൂൾ മാനേജർ ശുപാർശ ചെയ്തിട്ടുള്ളതുമാണ് .

**13. 11.01.2019** തീയതിയിൽ ഞാൻ ഒരു ആൺകുഞ്ഞിന് ജന്മം നൽകിയിട്ടുള്ളതാണ്. കുട്ടിയുടെ അസുഖം കാരണം മാതാവ് എന്ന നിലയിൽ എന്റെ സാമീപ്യവും പരിചരണവും ശിശുരോഗ വിദഗ്ധൻ ശുപാർശ ചെയ്തിട്ടുള്ളതാണ്.

**14.** പ്രത്യേക പരിചരണം ആവശ്യമുള്ള എന്റെ പിഞ്ചുകുഞ്ഞിനെ നോക്കുന്നതിനും പരിചരിക്കുന്നതിനും വേണ്ടി **04.11.2019** മുതൽ **20.02.2020** വരെയുള്ള കാലയളവിൽ **"Child Care Leave"** അനുവദിക്കുന്നതിനുള്ള അപേക്ഷ ഞാൻ ബന്ധപ്പെട്ടവർക്ക് നൽകുകയും ആയത് അനുവദിക്കുകയും ചെയ്യുകയുണ്ടായി. **The Gazette of India No.278 dated 05.07.2016** ൽ താഴെ പറയും പ്രകാരം **Child care leave/Maternity leave** അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുള്ളതാണ്.

**4.4 "The women candidates may be provided Maternity Leave/Child Care Leave once in the entire duration of M.Phil/Ph.D for upto 240 days"** പ്രസ്തുത **Gazette** ന്റെ പകർപ്പ് അനുബന്ധം **-12** ആയി ഇതൊന്നിച്ച് സമർപ്പിക്കുന്നു. അനുബന്ധം**-12** ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഭാരതിദാസൻ യൂണിവേഴ്സിറ്റിയും **"Child Care Leave"** അനുവദിക്കുന്നത് സംബന്ധിച്ച് **regulations - 2018** ൽ **3.1** ൽ ഉത്തരവായിട്ടുള്ളതാണ്.

**15.** ഇരിങ്ങണ്ണൂർ ഹയർ സെക്കന്ററി സകൂളിന്റെ വളരെ അടുത്താണ് ഞാൻ താമസിച്ചു വന്നിരുന്നത്. എന്റെ **UPST** നിയമനം അംഗീകരിക്കാത്ത നിലയിൽ **01.11.2019** മുതൽക്ക് ഞാൻ അവധിയിൽ പ്രവേശിച്ച ഒഴിവിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി ആളെ നിയമിക്കുന്നതിനും നിയമനാംഗീകാരം ലഭിക്കുന്നതിനും പ്രയാസം ഉണ്ടെന്നും ആയതിനാൽ ലീവ് സബ്സ്റ്റിറ്റ്യൂട്ട് നെ നിയമിക്കുന്ന കാലയളവ് വരെ എന്നോട് ജോലിയിൽ ഹാജരാകണമെന്നും കുട്ടികൾക്ക് ആവശ്യമായ അധ്യയനം നടത്തണമെന്നും സ്കൂൾ മാനേജർ എന്നോട് ആവശ്യപ്പെടുകയും **Child Care Leave** ആയിരുന്ന ഞാൻ കൂട്ടിയുടെ പരിചരണത്തിന് ഭംഗം വരാത്ത വിധത്തിൽ സ്കൂളിൽ ഹാജരായി കുട്ടികൾക്ക് ആവശ്യമായ ബോധനം നടത്തുകയും ചെയ്തിട്ടുള്ളതാണ്. മാനേജരുടെ നിർദ്ദേശം മാനിച്ച് ഞാൻ സ്കൂളിൽ ഹാജരായ സമയത്ത് അറ്റന്റൻസ് രജിസ്റ്ററിലും മറ്റ് രേഖകളിലും ഒപ്പു വെക്കുന്നതിന് സ്കൂൾ ഹെഡ്മിസ്ട്രസ്സ് ആവശ്യപ്പെടുകയും ഞാൻ ഒപ്പു വെക്കുകയും ചെയ്തിട്ടുള്ളതാണ്. സ്കൂളിലെ **UPST** തസ്തികയിൽ നിന്നും **01.11.2019** മുതൽക്ക് **M. PHIL** കോഴ്സ് ചെയ്യുന്നതിന് അവധിയിൽ പ്രവേശിച്ച എനിക്ക് യൂണിവേഴ്സിറ്റി അധികൃതർ **Child Care Leave** അനുവദിക്കുകയും പ്രസ്തുത **Child Care Leave** കാലയളവിൽ സ്കൂളിലെത്തി കുട്ടികൾക്ക് ആവശ്യമായ ബോധനം നൽകുകയും സ്കൂളിൽ

ഹാജരായ പ്രസ്തുത കാലയളവിൽ attendance രേഖപ്പെടുത്തുകയും ചെയ്ത നടപടി മാപ്പാക്കി നൽകണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

16. 15.07.2021 മുതൽക്കുള്ള എന്റെ HSST (Jr) Mathematics ആയുള്ള ബൈ-ട്രാൻസ്ഫർ നിയമനം ചോദ്യം ചെയ്തുകൊണ്ട് ശ്രീമതി. ആയിഷ. ടി HST (Maths) സമർപ്പിച്ച പരാതിയിന്മേൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിനുശേഷം 04/07/2023 തീയതിയിൽ RDDHSE/KKD/1501/2023-SR-CLK(A6)നമ്പർ ഉത്തരവ് താഴെ പറയും പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ശ്രീമതി. അശ്വതി. വി യുടെ 06.06.2019 ലെ യു.പി.എസ്.ടി തസ്തികയിലെ നിയമനം മുൻകാല പ്രാബല്യത്തോടെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിക്കുന്ന സാഹചര്യത്തിൽ 15.07.2021 മുതൽ എച്ച്.എസ്.ടി ജൂനിയർ ഗണിതം തസ്തികയിൽ (മാനേജർ ടി പ്രൊപ്പോസൽ പുനർ സമർപ്പിക്കുന്ന സാഹചര്യത്തിൽ) തസ്തികമാറ്റം വഴിയുള്ള നിയമനം എം.ഫിൽ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങൾ പരിശോധിച്ച് ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരത്തിനായി പരിഗണിക്കുന്നതാണ്.

ഹർജിക്കാരിയായ ശ്രീമതി. ആയിഷ. ടി എച്ച്.എസ്.എസ്.ടി ജൂനിയർ (ഗണിതം) തസ്തികയിൽ ഒഴിവ് നിലവിൽ വന്ന 15.07.2021-ൽ സെറ്റ് യോഗ്യത നേടിയിട്ടില്ല. ആയതിനാൽ ടിയാളുടെ അനുബന്ധം പി 4 അപേക്ഷ പരിഗണിക്കാൻ കഴിയില്ല. ആയത് നിരസിച്ചുകൊണ്ടും, ബഹു. ഹൈക്കോടതിയുടെ WP(C)No. 9891/2023 ലെ 29.05.2023 ലെ വിധിന്യായം നടപ്പിൽ വരുത്തിക്കൊണ്ടും ഉത്തരവായി.

17. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ 15.07.2019 മുതൽക്ക് എന്റെ UPST ആയുള്ള നിയമനവും 15.07.2021 മുതൽക്കുള്ള HSST (JR) Mathematics ആയുള്ള ബൈട്രാൻസ്ഫർ നിയമനവും അംഗീകരിക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

i) ശ്രീമതി. പ്രമ്യ പ്രേമൻ.കെ.കെ UPST യുടെ HST English ആയുള്ള സ്ഥാന ക്കയറ്റ നിയമനം 15.07.2019 മുതൽക്ക് അംഗീകരിച്ച നിലയിൽ എന്റെ UPST നിയമനം 15.07.2019 മുതൽക്ക് അംഗീകരിക്കുന്നതിന് അപേക്ഷിക്കുന്നു.

ii) സ്കൂളിലെ HSST (Mathematics) ആയിരുന്ന ശ്രീ. രാജ്കുമാർ 30.04.2021-ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് HSST (JR) Mathematics തസ്തികയിൽ ജോലി ചെയ്തിരുന്ന അധ്യാപകനായ ശ്രീ. പ്രമോദൻ പള്ളിപ്പറമ്പത്ത് എന്നവരെ സ്ഥാനക്കയറ്റം നൽകി HSST Mathematics ആയി നിയമിച്ചത് വഴി സംജാതമായ HSST (JR) Mathematics ആയുള്ള എന്റെ ബൈട്രാൻസ്ഫർ നിയമനം 15.07.2021 മുതൽക്ക് അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

iii) 15.07.2019മുതൽക്കുള്ള UPST നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് 01.11.2019 മുതൽ 30.8.2020 വരെ കാലയളവിൽ LWA for study purposeഅനുവദിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് അപേക്ഷിക്കുന്നു.

(3) മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

ഇരിങ്ങണ്ണൂർ ഹയർ സെക്കന്ററി സ്കൂളിൽ അംഗീകാരമുള്ള മൂന്ന് യു.പി.എസ്.ടി മാരെ എച്ച്. എസ് .ടി ആയി പ്രമോട്ട് ചെയ്തത് മൂലം ലഭ്യമായ മൂന്ന് യു.പി.എസ്.ടി തസ്തികകളിൽ 06-06-2019 ന് ബിനിഷ രാജ്, ഷാനിബ കണ്ടംവലിയത്ത്, അശ്വതി വി എന്നീ മൂന്ന് പേരെ യു.പി.എസ്.ടി മാരായി പുതുതായി നിയമിച്ചു. യു.പി.എസ്.ടി മാരിൽ ശ്രീമതി. സക്കീന. ടി യുടെ എച്ച്. എസ്. ടി (ഭൗതിക ശാസ്ത്രം) ആയുള്ള പ്രമോഷൻ 31-12-2019 മുതൽ മാത്രമേ അംഗീകരിച്ചിരുന്നുള്ളു. മററ് രണ്ട് പേരുടെയും പ്രൊമോഷൻ 15-07-2019 മുതൽ അംഗീകരിച്ചു. ഇതോടെ പുതുതായി നിയമിച്ച യു.പി.എസ്.ടി മാരിൽ ഒരാളെ 31-12-2019 ലേക്ക് മാറ്റേണ്ടി വന്നു. മൂന്ന് പേരിൽ പ്രായം കുറഞ്ഞത് ശ്രീമതി. അശ്വതി വി ആയതിനാൽ ടിയാളുടെ നിയമനം ശ്രീമതി. സക്കീന.ടി യുടെ പ്രമോഷൻ ഒഴിവിലേക്ക് 31-12-2019 മുതൽ മാറ്റി ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ശ്രീമതി. സക്കീനയുടെ പ്രമോഷൻ 29-06-2019 മുതൽ അംഗീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിടുകയും അത് പ്രകാരം ടിയാളുടെ എച്ച് എസ് ടി നിയമനം 29-06-2019 മുതൽ അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. അശ്വതി. വി അടക്കമുള്ള മൂന്ന് പേരുടെയും യു.പി.എസ്.ടി നിയമനങ്ങൾ അവരെ യഥാർത്ഥത്തിൽ നിയമിച്ച ഒഴിവിൽ തന്നെ അംഗീകരിക്കാമെന്നായി. തുടർന്ന് ശ്രീമതി. ബിനിഷ രാജ്, ശ്രീമതി. ഷാനിബ എന്നിവരുടെ നിയമനങ്ങൾ അംഗീകരിച്ചു. ശ്രീമതി. പ്രമ്യ പ്രേമൻ യു.പി.എസ്.ടി യെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ആയി പ്രമോട്ട് ചെയ്തത് മൂലമുള്ള യു.പി.എസ്.ടി തസ്തികയിലാണ് ശ്രീമതി. അശ്വതി യെ നിയമിച്ചത്. ഈ ഒഴിവ് ഇപ്പോഴും സ്കൂളിൽ ലഭ്യമാണ്.

ശ്രീമതി. അശ്വതി എം.ഫിൽ കോഴ്സിന് ചേരാനായി 1-11-2019 മുതൽ 30.08.2020 വരെയുള്ള കാലയളവിൽ ശൂന്യ വേതന അവധിക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ അവധി അപേക്ഷ ശുപാർശ ചെയ്ത് അയച്ചിരുന്നില്ല. എം.ഫിൽ കൊഴ്സ്സിന് ചേർന്ന ശ്രീമതി. അശ്വതി വി -ക്ക് കോളേജിൽ നിന്നും ചൈൽഡ് കെയർ ലീവ് ലഭിച്ചതിനാൽ തിരികെ സ്കൂളിൽ ഹാജരായി ക്ലാസുകൾ കൈകാര്യം ചെയ്തിരുന്നു. നിയമനാംഗീകാരമില്ലാത്ത ആളായതിനാൽ അവധി ഒഴിവിൽ പകരം നിയമനം നടത്തിയിരുന്നില്ല. അതിനാൽ ശ്രീമതി. അശ്വതി വി തന്നെ ക്ലാസുകൾ കൈകാര്യം ചെയ്യാൻ തയ്യാറായതിനാൽ അതിന് അനുവദിക്കുകയാണുണ്ടായതെന്ന് അന്നത്തെ പ്രധാനാദ്ധ്യാപിക അറിയിച്ചിട്ടുണ്ട്. അവധിക്ക് അപേക്ഷിക്കുകയും അതേസമയം സ്കൂളിൽ ഹാജരായി ക്ലാസുകൾ കൈകാര്യം ചെയ്യുകയും ചെയ്ത നടപടി മാപ്പാക്കാനും ഈ കാലയളവിൽ ശൂന്യ വേതന അവധി അനുവദിക്കാനും അശ്വതി അപേക്ഷിച്ചിട്ടുണ്ട്.

ശ്രീമതി. അശ്വതി വി, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ അപ്പീൽ യു.പി.എസ്.ടി തസ്തികയിൽ ഒഴിവ് **31-12-2019** മുതൽ മാത്രമേ ഉള്ളു എന്നതിനാലും അപ്പോഴേക്കും ടിയാൾ അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നതിനാലും നിരസിക്കപ്പെട്ടു. പക്ഷെ യു.പി.എസ്.ടി ഒഴിവ് **15-07-2019** മുതൽ സ്കൂളിൽ ലഭ്യമാണെന്ന വസ്തുത ഡയറക്ടറുടെ ശ്രദ്ധയിൽ പെട്ടതായി ഉത്തരവിൽ കാണുന്നില്ല. ശൂന്യവേതന അവധി **01-11-2019** മുതലായതിനാൽ **15-07-2019** മുതലുള്ള യു.പി.എസ്.ടി നിയമനം അംഗീകരിക്കാനാണ് ശ്രീമതി. അശ്വതി സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

ശ്രീമതി. അശ്വതി വി യെ റിട്ടയർമെന്റ് ഒഴിവിൽ എച്ച്.എസ്.എസ്.ടി ജൂനിയർ (മാത്സ്) ആയി ബൈ ട്രാൻസ്ഫർ സമ്പ്രദായത്തിൽ **15-07-2021** മുതൽ മാറ്റി നിയമിച്ചിട്ടുണ്ട്. ഒഴിവ് ലഭ്യമായ തീയതിക്ക് ഹൈസ്കൂൾ വിഭാഗത്തിലോ യു.പി. വിഭാഗത്തിലോ മറ്റോ യോഗ്യത നേടിയിരുന്നില്ല. ശ്രീമതി. അശ്വതിയുടെ യു.പി.എസ്.ടി. നിയമനം അംഗീകരിച്ചാൽ മാത്രമേ ടിയാൾക്ക് ഹയർ സെക്കണ്ടറി വിഭാഗത്തിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് അർഹതയുണ്ടാവുകയുള്ളു. ഈ സ്കൂളിൽ എച്ച്എസ്.ടി (മാത്സ്) ആയ ശ്രീമതി. ആയിഷ. ടി പിന്നീട് എച്ച്.എസ്.എസ്.ടി മാത്സ് തസ്തികക്ക് ആവശ്യമായ യോഗ്യതകൾ നേടിയതായി അറിയിച്ചിട്ടുണ്ട്.

ശ്രീമതി. അശ്വതി വി യുടെ യു.പി.എസ്.ടി നിയമനം അംഗീകരിക്കാത്തതിനാൽ അതിന് ശേഷം നിയമിക്കപ്പെട്ട യു.പി.എസ്.ടി മാരുടെ നിയമനങ്ങൾ അംഗീകരിക്കാതെ അവശേഷിക്കുകയാണ്. ശ്രീമതി. പ്രമ്യ പ്രേമന്റെ പ്രൊമോഷൻ ഒഴിവ് ശ്രീമതി. ആശ്വതി വി -ക്കായി **14-07-2021** വരെ മാറ്റി വച്ച് മറ്റ് വ്യവസ്ഥാപിത ഒഴിവുകളിൽ **15-07-2021** മുതൽ നടത്തിയ നിയമനങ്ങൾ **15.07.2021** മുതൽ അശ്വതി ഹയർ സെക്കന്ററി വിഭാഗത്തിലാണ് ജോലി ചെയ്യുന്നതെന്ന വസ്തുത കൂടി കണക്കിലെടുത്ത്, അംഗീകരിക്കാൻ ആവശ്യപ്പെട്ടെങ്കിലും അതും ജില്ല വിദ്യാഭ്യാസ ഓഫീസർ പരിഗണിക്കുന്നില്ല. യു.പി.എസ്.ടി തസ്തികയിൽ ഒരു ഭിന്നശേഷി ഉദ്യോഗാർത്ഥിയും നിയമനാംഗീകാരമില്ലാതെ സ്കൂളിൽ ജോലിചെയ്യുന്നുണ്ട്. സ്ക്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം ഉടൻ ഉണ്ടാവണമെന്ന് അപേക്ഷിക്കുന്നു.

(4) ശ്രീമതി. അയിഷ ടി. യുടെ വാദം ചുവടെ ചേർക്കുന്നു.

**22.12.2024** ലെ റിവിഷൻ പെറ്റീഷനിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ തികച്ചും വാസ്തവ വിരുദ്ധവും ആരോപണങ്ങൾ നിയമപരമായി നിലനിൽക്കാത്തതുമാണ്. ശ്രീമതി. അശ്വതി വി, യു.പി.എസ്.ടി തസ്തികയിലേക്ക് **15.07.2019** മുതൽ നിയമിത ആയെങ്കിലും അവരുടെ നിയമനത്തിന് നാളിതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ **HSST (Mathematics)** തസ്തികയിൽ നിന്നും പ്രിൻസിപ്പൽ ആയി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ശ്രീ. രാജ്കുമാർ, **HSST (Mathematics) 30.06.2021** ൽ

സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീ. പ്രമോദ് പള്ളിപ്പുറത്തിനെ **HSST (JR) Mathematics** തസ്തികയിൽ നിന്ന് **HSST (Mathematics)** ആയി സ്ഥാനകയറ്റം നൽകി നിയമിച്ചപ്പോൾ സംജാതമായ **HSST** ജൂനിയർ ഒഴിവിലേക്ക് **2019-20** കാലഘട്ടത്തിലെ **M.Phil qualification** നേടിയെന്ന അവകാശവാദത്തിൽ **15.07.2021** മുതൽ അംഗീകാരം നൽകണം എന്നുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കുകയില്ല.

**2.** അപേക്ഷകയുടെ വാദം പ്രകാരം **01.11.2019** മുതൽ **30.08.2020** വരെയുള്ള കാലയളവിലാണ് **M.Phil** കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളത്. ഇതേ കാലയളവിൽ അവർ **L.W.A** അപേക്ഷിച്ചു എന്ന അവകാശവാദം ഉന്നയിക്കുന്നു.

**3 .** അനുബന്ധം **10** പ്രകാരം **11.01.2019** ന് അവർ ഒരു കുഞ്ഞിന് ജന്മം നൽകുകയും **Child Care Leave** ന് **04.11.2019** മുതൽ **20.02.2020** വരെ ലീവിൽ അപേക്ഷ ഭാരതീദാസൻ യൂണിവേഴ്സിറ്റിയിൽ നിന്നും അനുവദിക്കുകയും ചെയ്തു എന്ന് അവകാശപ്പെടുകയും എന്നാൽ ഇതേ കാലയളവിൽ ഇവർ സ്കൂളിൽ ഹാജരായി അറ്റെൻഡൻസ് രജിസ്റ്ററിലും മറ്റു രേഖകളിലും ഒപ്പിട്ടിട്ടുള്ളതുമാണ്. ഈ അവകാശ വാദങ്ങൾ നിലനിൽകുന്നതല്ല. ശ്രീമതി. അശ്വതി വി റെഗുലർ കോഴ്സിൽ **2019-2020** ൽ **M.Phil** ന് പഠിച്ചിരുന്ന അതെ കാലയളവിൽ സ്കൂളിൽ ഹാജരായി അറ്റെൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ട് മാനേജ്മെന്റിനെ കബളിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

**4.** കെ. ഇ. ആർ. ചട്ടം **XIVA Rule 3 & 6A** പ്രകാരം **1** വർഷം പ്രൊബേഷൻ പൂർത്തിയായ **lower cadre** ൽ ഉള്ള വ്യക്തികളെ മാത്രമേ ബൈ ട്രാൻസ്ഫർ നിയമനത്തിൽ പരിഗണിക്കാൻ സാധിക്കുകയുള്ളു. ഇത് പരിഗണിച്ചു **2011 (2) KLT 368** ൽ റിപ്പോർട്ട് ചെയ്ത ബഹു. ഹൈകോടതിയുടെ വിധിന്യായത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

**‘Learned counsel for the Ist respondent contended that Ext. P8 Government Order does not prohibit appointment by transfer of a High School Teacher working in a-leave vacancy to Higher Secondary School on transfer basis. We are unable to accept this contention because appointment by transfer can be given only to persons permanently employed in a lower cadre and in this case, R3 & R6(a) of Chapter XIVA of the Rules make it clear that a Teacher in the High School become a permanent Teacher on completion of one year probation. Therefore, the appointment of the Ist respondent after five months' service in a leave vacancy in the High School to the Higher Secondary School cannot be treated as appointment by transfer, but should be treated as a direct recruitment and necessarily all consequences will follow.”**

5. 15.07.2019 -ൽ സേവനം ആരംഭിച്ച ടിയാരി 01.11.2019 മുതൽ 30.08.2020 വരെ കാലയളവിൽ ലീവ് ആയിരുന്നതിൽ 10.05.2021 വരെ തുടർച്ചയായ 1 വർഷം സേവനം പൂർത്തിയാക്കണമെന്ന വ്യവസ്ഥ ചട്ട പ്രകാരം പാലിച്ചിട്ടില്ലാത്തതിനാലും ടിയാരിയുടെ 15.07.2019 മുതൽ UPST ആയുള്ള നിയമനം അംഗീകരിക്കാത്തതിനാലും ടിയാരിയ്ക്ക് HSST (Mathematics) പോസ്റ്റിലേക്കുള്ള നിയമനത്തിന് അർഹതയില്ലാത്തതുമാണ്.

6. ഞാൻ 29.01.2022 -ൽ SET Qualify ചെയ്യതും ലോവർ കാറ്റഗറിയിൽ പ്രൊബേഷൻ പൂർത്തിയാക്കി HSST (JR) Mathematics പോസ്റ്റിലേക്ക് നിയമനം ലഭിക്കുന്നതിന് പൂർണ്ണ യോഗ്യത നേടിയിട്ടുള്ളതാണ്. ആയതിനാൽ 20.01.2022 മുതൽ അപേക്ഷകയെ ടി പോസ്റ്റിലേക്ക് നിയമനം നല്കാൻ മാനേജർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

7. മേൽ സാഹചര്യത്തിൽ ടിയാരിയുടെ റിവിഷൻ ഹർജി പരിഗണിക്കാൻ സാധിക്കുകയില്ല. ആയതിനാൽ ടിയാരിയുടെ റിവിഷൻ ഹർജി തള്ളിക്കളഞ്ഞു എന്റെ അപേക്ഷ പരിഗണിക്കണമെന്ന് ബഹുമാനപെട്ട അധികാരി മുൻപാകെ അപേക്ഷിക്കുന്നു.

(5) ഈ വിഷയത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കോഴിക്കോട് ജില്ലയിൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ഇരിങ്ങണ്ണൂർ എച്ച്. എസ്. എസിലെ യു. പി. എസ്. ടി ശ്രീമതി. പ്രമ്യ പ്രേമനെ 2019-20 വർഷത്തെ അധിക എച്ച്. എസ്. ടി ഇഗ്ലീഷ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി അശ്വതി.വി. യെ 06/06/2019 മുതൽ മാനേജർ നിയമിച്ചു. ശ്രീമതി. പ്രമ്യ പ്രേമന്റെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ശ്രീമതി അശ്വതി.വി യുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന് ശ്രീമതി. പ്രമ്യ പ്രേമനും യു.പി. എസ്. ടി ആയ ശ്രീമതി. അശ്വതി വി യും ചേർന്ന് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 23300/2023 റിട്ട് ഹർജിയിലെ പരാമർശം പ്രകാരമുള്ള വിധിന്യായം പ്രകാരം ശ്രീമതി. പ്രമ്യ പ്രേമൻ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജിയിൽ മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) കൂടിക്കാഴ്ച നടത്തുകയുണ്ടായി.

ഇരിങ്ങണ്ണൂർ എച്ച്. എസ്. എസിൽ 2019-20 വർഷം, 3 യു.പി.എസ്.ടി അധ്യാപകർക്ക് മാനേജർ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. 2 യു. പി. എസ്. ടി ഒഴിവുകൾ 15/7/2019 മുതലും ഒരു യു.പി.എസ്.ടി ഒഴിവ് 31/12/2019 മുതലും (പ്രൊമോട്ടിയായ ശ്രീമതി. സക്കീനയുടെ യോഗ്യത പോളിമർ കെമിസ്ട്രി 31.12.2019

മുതൽ മാത്രം അംഗീകരിച്ചതിനാൽ നിയമനവും അന്നു മുതൽ മാത്രമേ അംഗീകരിച്ചിട്ടുള്ളു) ആണ് നിലവിൽ വന്നത്. ആയതിനെ തുടർന്ന് മാനേജർ ചുവടെ ചേർത്തിട്ടുള്ള യു.പി.എസ്.ടി മാരെ 6/6/2019 മുതൽ നിയമിച്ചിരുന്നു .

| ക്രമനമ്പർ | അധ്യാപികയുടെ പേര് | മാനേജർ നടത്തിയ ഒഴിവ് | നിയമനം നടത്തിയ തീയതി |
|---|---|---|---|
| 1 | ശ്രീമതി.ബിനിഷ രാജ് | ശ്രീമതി.സക്കീന.ടി യുടെ HST ആയുള്ള സ്ഥാനകയറ്റ നിയമനം | 06.06.2019 |
| 2 | ശ്രീമതി.അശ്വതി വി | ശ്രീമതി.പ്രമ്യ പ്രേമന്റെ HST ആയുള്ള സ്ഥാനകയറ്റ നിയമനം | 06.06.2019 |
| 3 | ശ്രീമതി. ഷാനിബ കണ്ടം വലിയത്ത് | ശ്രീമതി. ദിവ്യ കെ യുടെ HST ആയുള്ള സ്ഥാനകയറ്റ നിയമനം | 06.06.2019 |

യു.പി.എസ്.ടി തസ്തികയിൽ പുതുതായി നിയമിതരായ അധ്യാപകരിൽ സീനിയോരിറ്റി ക്രമം പാലിച്ചുകൊണ്ടും സംസ്ഥാനത്തെ എയ്ഡഡ് സ്ക്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട 24-03-2023 ലെ സ.ഉ.(കൈ)നം.29/2023/പൊ.വി.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൂടെ പരിഗണിച്ചുകൊണ്ട് നിയമന ക്രമീകരണം നടത്തുന്ന മുറയ്ക്ക് മാത്രമേ യു പി എസ് ടി തസ്തികയിൽ നിയമിതരായ അധ്യാപകരുടെ നിയമനാംഗീകാരം പരിഗണിക്കുവാൻ സാധിക്കുകയുള്ളു എന്ന വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശ പ്രകാരം 2019- 20 വർഷം യു പി എസ് ടി തസ്തികയിൽ നിയമിക്കപ്പെട്ട അധ്യാപകരുടെ നിയമനം ക്രമീകരിച്ചുകൊണ്ട് മാനേജർ ഉത്തരവാകുകയും ആയതു അംഗീകരിക്കുന്നതിനായി വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിയ്ക്കുകയും ചെയ്തിരുന്നു.

ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂളിൽ, മാനേജർ 06/06/2019 മുതൽ യു. പി. എസ്. ടി തസ്തികയിൽ നിയമിക്കുകയും, 31/12/2019 ലേക്ക് മാറ്റി ക്രമീകരിക്കുകയും ചെയ്ത ശ്രീമതി അശ്വതി വി യെ 15/07/2021 മുതൽ എച്ച്. എസ്. എസ്. ടി (ഗണിതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. പ്രസ്തുത നിയമനത്തിനെതിരെ ടി സ്കൂളിലെ എച്ച്. എസ്. ടി അധ്യാപികയായ ശ്രീമതി. ആയിഷ ടി, ബഹു. ഹൈക്കോടതിയിൽ WP(C)9891/2023 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തു. റിട്ട് ഹർജിയിന്മേൽ 29/05/2023 നു വിധിന്യായം പുറപ്പെടുവിക്കുകയും പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിനായി കോഴിക്കോട് ആർ. ഡി. ഡി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും 4/7/2023 ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം ശ്രീമതി അശ്വതി വി. യു.പി.എസ്.ടി ആയി തുടരവേ 1/11/2019 മുതൽ ഒരു വർഷത്തെ എം.ഫിൽ റെഗുലർ കോഴ്സിന് ഭാരതീദാസൻ യൂണിവേഴ്സിറ്റിയിൽ ചേരുകയും എം. ഫിൽ

യോഗ്യത നേടിയതായും അറിയാൻ സാധിച്ചിട്ടുണ്ടെന്നും ഭാരതീദാസൻ യൂണിവേഴ്‌സിറ്റി പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ വിവരാവകാശ രേഖകൾ പ്രകാരം ശ്രീമതി അശ്വതി വി **2019-20** വർഷം ഒരു വർഷം ദൈർഘ്യമുള്ള റഗുലർ എം. ഫിൽ കോഴ്‌സ് ആണ് ചെയ്തിട്ടുള്ളതെന്നും കാണുന്നു. അതേസമയം ശ്രീമതി അശ്വതി വി മേൽ സൂചിപ്പിച്ച കോഴ്‌സിന്റെ കാലയളവിൽ **2019** നവംബർ മുതൽ **2020** മാർച്ച് വരെ സ്കൂളിൽ ഹാജരായി. മേൽ സാഹചര്യത്തിൽ ശ്രീമതി. സക്കീന ടി യുടെ എച്ച് എസ് ടി (എൻ.എസ്) ആയുള്ള സ്ഥാനക്കയറ്റം ഒഴിവിലേക്ക് നിയമനം പുനഃ ക്രമീകരിച്ച് ശ്രീമതി അശ്വതി വി യെ **31/12/2019** മുതലുള്ള നിയമനാംഗീകാരം സംബന്ധിച്ച റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചിട്ടുണ്ട്.

ശ്രീമതി. അശ്വതി. വി യുടെ നിയമനം ആദ്യം നടത്തിയത് **6/6/2019** മുതലാണെങ്കിലും ഒഴിവിന്റെ അഭാവത്തിൽ മാനേജർ സീനിയർ നിയമിതയെ ആദ്യ ഒഴിവുകളിൽ എന്ന ക്രമത്തിൽ പുനഃക്രമീകരണം നടത്തുകയും ആയത് പ്രകാരം ശ്രീമതി. അശ്വതി. വി യുടെ നിയമനം **31/12/2019** മുതൽ ശ്രീമതി. സക്കീനയുടെ സ്ഥാനക്കയറ്റം അംഗീകരിച്ച ഒഴിവിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. അതായത് ടിയാളുടെ നിയമനം ആരംഭിക്കുന്ന തീയതിയിൽ (**31/12/2019** ൽ) ടിയാൾ സ്കൂളിൽ ജോലി ചെയ്യുകയല്ല, മറിച്ച് ഭാരതീദാസൻ യൂണിവ്വേഴ്‌സിറ്റിയിൽ റഗുലർ എം ഫിൽ ന് പഠിക്കുകയാണ്. ഒരേ സമയം റഗുലർ എം ഫിൽ ന് പഠിക്കുകയും സ്കൂളിൽ റഗുലറായി ജോലി ചെയ്യുകയും സാദ്ധ്യമല്ല.

ടിയാൾ ഇപ്രകാരം പഠിക്കുന്ന കാലയളവിൽ സ്കൂൾ രേഖകൾ മാത്രം പരിഗണിച്ച് നിയമനാംഗീകാരം നൽകരുതെന്നും ആയത് സർക്കാർ ഖജനാവിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നും തെറ്റായ കീഴ്‌വഴക്കം സൃഷ്ടിച്ചേയ്ക്കാമെന്നും റിപ്പോർട്ട് ചെയ്യുന്നു.

**(6)** **Ext.P12** റിവിഷൻ ഹർജി മേൽ റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും /ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

ഹർജിക്കാരിയുടെ **15.07.2019** മുതലുള്ള യു.പി.എസ്.ടി നിയമനവും **15.07.2021** മുതലുള്ള എച്ച്.എസ്.എസ്.ടി(ജൂനിയർ) ഗണിതം തസ്തികയിലുള്ള ബൈട്രാൻസ്ഫർ നിയമനവും അംഗീകരിക്കുന്നതിനു വേണ്ടിയാണ് **Ext.P12** റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതും ബഹു.കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്ത് വിധിയായിട്ടുള്ളതും.

ഇരിങ്ങണ്ണൂർ ഹൈസ്‌ക്കൂളിലെ അംഗീകൃത യുപിഎസ്.ടി ശ്രീമതി. പ്രമ്യ പ്രേമനെ **2019-20** വർഷത്തെ അധിക എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി.അശ്വതി.വി യെ (ജനന തിയ്യതി **02/05/1992**) **06/06/2019**

മുതലും സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി.സക്കീന.ടി **06/06/2019** മുതൽ എച്ച്.എസ്.ടി (പി.എസ്) ആയി പ്രൊമോട്ട് ചെയ്തു ഒഴിവിൽ ശ്രീമതി. ബിനീഷ രാജ് നെ (ജനന തിയ്യതി **10/03/1987**) **06/06/2019** മുതലും ശ്രീമതി. ഷാനിബ കണ്ടം വലിയത്തിനെ (ജനന തിയ്യതി **07/04/1988**) ശ്രീമതി. ദിവ്യ കെ യു.പി.എസ്ടി യെ **2019-20** വർഷത്തെ അധിക എച്ച്.എസ്.ടി (മലയാളം) ആയി സ്ഥാനകയറ്റം നൽകിയ ഒഴിവിലും നിയമിച്ചിരുന്നു. യു.പി.എസ്.ടി തസ്തികയിൽ **2019-20** വർഷം മുതൽ പുതുതായി നിയമിതരായ അധ്യാപകരിൽ ഏറ്റവും ജൂനിയർ അധ്യാപിക ശ്രീമതി. അശ്വതി വി യാണ്. ശ്രീമതി. അശ്വതി. വി യുടെ നിയമനം വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ ബി3/**13332/2019** തീയതി **22/09/2020** പ്രകാരം ശ്രീമതി.പ്രമ്യ പ്രേമന്റെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ നിരസിക്കപ്പെടുകയും ആയതിനെതിരെ കോഴിക്കോട് വിദ്യഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും ഉത്തരവ് നമ്പർ ബി**4/212399/2020** തീയതി **27/07/2024** പ്രകാരം നിരസിക്കുകയുണ്ടായി. ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. അശ്വതി. വി യുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത **WP(C)No. 23300/2023** ന്മേലുള്ള **08/08/2023** ലെ വിധിന്യായം പ്രകാരം **28-11-2023** തിയ്യതിയിൽ ടി വിഷയത്തിൽ തീരുമാനം കൈ കൊള്ളുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടിട്ടുണ്ട് എന്ന് ജില്ല വിദ്യാഭ്യാസ ഓഫിസറും, മാനേജരും, ശ്രീമതി. അശ്വതി. വി യും ബോധിപ്പിച്ചിട്ടുള്ളതും, ആയതിൽ അന്തിമ ഉത്തരവ് വരാത്ത സാഹചര്യത്തിൽ മേൽ അപ്പീൽ പരിഗണിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് അപ്പിൽ നിരസിച്ചിട്ടുള്ളത്. ഏറ്റവും ഒടുവിലായി പൊതു വിദ്യഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇ.എം.**3/10390/2024** ഡി.ജി.ഇ. തീയതി **22-12-2024** പ്രകാരം അപ്പീൽ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീമതി. സക്കീന. ടി യുടെ എച്ച്എസ്.ടി (ഫിസിക്കൽ സയൻസ്) സ്ഥാനക്കയറ്റം **06/06/2019** മുതൽ നടത്തിയത് **31/12/2019** മുതലും ശ്രീമതി.പ്രമ്യ പ്രേമന്റെ **06/06/2019** മുതൽ നടത്തിയ എച്ച്.എസ്.ടി ഇംഗ്ളീഷ് അധിക തസ്തികയിലെ നിയമനം **15/7/2019** മുതലും ശ്രീമതി.ദിവ്യ കെ യൂടെ എച്ച്.എസ്.ടി മലയാളം അധിക തസ്തികയിലെ നിയമനം **15/7/2019** മുതലും മാത്രം അംഗീകാരം ലഭിച്ചതിനാൽ യു.പി വിഭാഗത്തിലെ അധ്യാപകരുടെ സീനിയോറിറ്റി അടിസ്ഥാനത്തിൽ മാനേജർ പുനഃക്രമീകരിക്കുയുണ്ടായി. ആയത് പ്രകാരം ശ്രീമതി. ബിനീഷ രാജ്-നെ നേരത്തെ നിയമിച്ച ശ്രീമതി.സക്കീന .ടി യുടെ സ്ഥാനക്കയറ്റ ഒഴിവിൽ **06/06/2019** മുതൽ നടത്തിയ നിയമനം ശ്രീമതി.ദിവ്യകെ യുടെ എച്ച്. എസ്ടി (മലയാളം) ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ **15/7/2019** ലേക്കും ശ്രീമതി.ഷാനിബ കണ്ടം വലിയത്തിനെ ശ്രീമതി.ദിവ്യ കെ, യു.പി.എസ്.ടി യെ **06/06/2019** മുതൽ എച്ച്.എസ്.ടി (മലയാളം) ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ **15.07.2019** ലേക്കും പുന.ക്രമീകരിച്ചു. ശ്രീമതി അശ്വതി. വി-യെ സ്കൂളിലെ യു.പിഎസ്.ടി ആയ ശ്രീമതി.പ്രമ്യ പ്രേമനെ **06/06/2019** മുതൽ അധിക എച്ച്എസ്.ടി (ഇംഗ്ലീഷ്) ആയുള്ള സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിന്നും

മാറ്റുകയും പകരം ശ്രീമതി.സക്കീന ടി യുടെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ആയുള്ള സ്ഥാനക്കയറ്റം അംഗീകരിച്ച **31/12/2019** മുതലുള്ള ഒഴിവിലേക്ക് (ശ്രീമതി.സക്കീന.ടി യുടെ യോഗ്യതയായി പോളിമർ കെമിസ്ട്രി **31.12.2019** മുതൽ മാത്രം അംഗീകരിച്ചതിനാൽ നിയമനം അന്നു മുതൽ മാത്രമേ അംഗീകരിച്ചിട്ടുള്ളു.) മാനേജർ മാറ്റി ക്രമീകരിക്കുകയും ചെയ്തു.

സീനിയർ ആയ ശ്രീമതി. ബിനീഷ രാജിൻറെയും ശ്രീമതി ഷാനിബ കണ്ടം വല്യത്തിന്റെയും നിയമനങ്ങൾക്കും **15.07.2019** മുതൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. ശ്രീമതി സക്കീന. യുടെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് ആയുള്ള സ്ഥാനക്കയറ്റം നേരത്തെ **31.12.2019** മുതൽ അംഗീകരിച്ചതിനെതിരെ മാനേജർ നൽകിയ റിവിഷൻ അപ്പിൽ പരിഗണിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **14/06/2024** തിയതി ഇഎം3/**16668/2023**/ഡിജിഇ പ്രകാരം **29.06.2019** തീയതി മുതൽ പരിഗണിക്കുന്നതിന് ഉത്തരവാകുകയും തുടർന്ന് ഉത്തരവ് നമ്പർ ബി**3/739475/2024** തീയതി **04/07/2024** പ്രകാരം **29/06/2019** തീയതി മുതൽ നിയമനം പുതുക്കി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

യു.പി.എസ്.ടി തസ്തികയിൽ **31/12/2019** ലേക്ക് മാററി ക്രമീകരിച്ച ശ്രീമതി അശ്വതി. വി യെ **15.07.2021** മുതൽ ഇതേ വിദ്യാലയത്തിലെ ഹയർസെക്കണ്ടറി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി (ഗണിതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. പ്രസ്തുത നിയമനത്തിനെതെതിരെ ടി സ്ക്കൂളിലെ എച്ച്എസ്ടി അധ്യാപികയായ ശ്രീമതി. ആയിഷ ടി, ബഹു. ഹൈക്കോടതിയിൽ **WP(C)9891/2023** നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും മേൽ റിട്ട് ഹർജിയിന്മേൽ **29/05/2023** ന് വിധിന്യായം പുറപ്പെടുവിക്കുകയും പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിനായി കോഴിക്കോട് ആർ.ഡി.ഡി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും **4/7/2023** ന് ഈ വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം ശ്രീമതി. അശ്വതി. വി **06.06.2019** മതൽ യു.പി.എസ്.ടി ആയി തുടരവേ **01/11/2019** മുതൽ ഒരു വർഷത്തെ എം.ഫിൽ റെഗുലർ കോഴ്സിന് ഭാരതിദാസൻ യൂണിവേഴിറ്റിയിൽ ചേരുകയും എം.ഫിൽ യോഗ്യത നേടിയതായും അറിയാൻ സാധിച്ചിട്ടുണ്ടെന്നും ഭാരതീദാസൻ യൂണിവേഴ്സിറ്റി പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിവരാവകാശ രേഖകൾ പ്രകാരം ശ്രീമതി.അശ്വതി.വി **2019-20** വർഷം ഒരു വർഷം ദൈർഘ്യമുള്ള റെഗുലർ എം.ഫിൽ കോഴ്സ് ആണ് ചെയ്തിട്ടുള്ളതെന്നും കാണുന്നു. അതേസമയം ശ്രീമതി.അശ്വതി.വി മേൽ സൂചിപിച്ച കോഴ്സിന്റെ കാലയളവിൽ **2019** നവംബർ മുതൽ **2020** മാർച്ച് വരെ സ്കൂളിൽ ഹാജരാവുകയും ചെയ്തതതായി കാണുന്നു . മേൽ സാഹചര്യത്തിൽ ശ്രീമതി. സക്കീന ടി യുടെ എച്ച് എസ് ടി (എൻഎസ്) ആയുള്ള സ്ഥാനക്കയറ്റ ഒഴിവിലേക്ക് നിയമനം പുനക്രമീകരിച്ച് ശ്രീമതി.അശ്വതി വി യെ **31/12/2019** മൂതൽ യു.പിഎസ്ടി തസ്തികയിൽ നിയമിച്ചുകൊണ്ടുള്ള മാനേജരുടെ നിയമന ക്രമീകരണ ഉത്തരവ് വടകര ജില്ലാവിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ച് ഉത്തരവായിട്ടുണ്ട്. അശ്വതി. വിയുടെ നിയമനം ആദ്യം

നടത്തിയത് **6/6/2019** മുതലാണെങ്കിലും ഒഴിവിന്റെ അഭാവത്തിൽ മാനേജർ സീനിയർ നിയമിതയെ ആദ്യ ഒഴിവുകളിൽ എന്ന ക്രമത്തിൽ പുനഃക്രമീകരണം നടത്തുകയും ആയത് പ്രകാരം ശ്രീമതി. അശ്വതി. വി യുടെ നിയമനം **31/12/2019** മുതൽ ശ്രീമതി. സക്കീനയുടെ സ്ഥാനക്കയറ്റം അംഗീകരിച്ച ഒഴിവിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. അതായത് ടിയാളുടെ നിയമനം ആരംഭിക്കുന്ന തീയതിയിൽ **(31/12/2019 ൽ)** ടിയാൾ സ്കൂളിൽ ജോലി ചെയ്യുകയല്ല, മറിച്ച് ഭാരതീദാസൻ യൂണിവേഴ്സിറ്റിയിൽ റഗുലർ എം.ഫിൽ ന് പഠിക്കുകയാണ്. ഒരേ സമയം റഗുലർ എം.ഫിൽ ന് പഠിക്കുകയും സ്ക്കൂളിൽ റഗുലറായി ജോലി ചെയ്യുകയും സാധ്യമല്ല. ടിയാൾ ഇപ്രകാരം പഠിക്കുന്ന കാലയളവിൽ സ്കൂൾ രേഖകൾ മാത്രം പരിഗണിച്ച് നിയമനാംഗീകാരം നൽകരുതെന്നും ആയത് 'സർക്കാർ ഖജനാവിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നും അഡ്വ. അഷറഫ് പുതിയോട്ടിൽ വാദഗതികൾ ഉയർത്തിയത് കൂടി പരിഗണിച്ചാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിവിഷൻ അപ്പീൽ നിരസിച്ചിട്ടുള്ളത്.

ഇരിങ്ങണ്ണൂർ ഹൈസ്കൂളിൽ ശ്രീമതി. അശ്വതി വി യെക്കാളും യു.പി വിഭാഗത്തിൽ സീനിയർ അധ്യാപകരായ ശ്രീമതി.ബിനീഷ രാജിൻറെയും ശ്രീമതി.ഷാനിബ കണ്ടംവലിയത്തിന്റേയും നിയമനങ്ങൾക്ക് **15/07/2019** മുതൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. ശ്രീമതി. അശ്വതി വി യെ യു.പി.എസ്.ടി ആയി നിയമനം നടത്തിയ ശ്രീമതി. പ്രമ്യപ്രേമന്റെ എച്ച്.എസ്.ടി ഇംഗ്ളീഷ് ആയുള്ള സ്ഥാനക്കയറ്റം നിയമനത്തിന് **15.07.2019** മുതൽ അംഗീകാരം ലഭ്യമായ സാഹചര്യത്തിൽ പ്രസ്തുത തിയതി മുതൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്.

ശ്രീമതി. അശ്വതി വി യു.പി.എസ്.ടി ആയി തുടരവേ **01.11.2019** മുതൽ **30.08.2020** വരെ കാലയളവിൽ എം.ഫിൽ റെഗുലർ കോഴ്സിന് ഭാരതിദാസൻ യൂണിവേഴ്സിറ്റിയിൽ ചേരുകയും എംഫിൽ യോഗ്യത നേടിയതായും അറിയാൻ സാധിച്ചിട്ടുണ്ട്. ഭാരതീദാസൻ യൂണിവേഴ്സിറ്റി പബ്ലിക് ഇൻഫർമേഷൻ ഓഫിസറുടെ വിവരാവകാശ രേഖകൾ പ്രകാരം ശ്രീമതി.അശ്വതി.വി **2019-20** വർഷം ഒരു വർഷം ദൈർഘ്യമുള്ള റെഗുലർ എം.ഫിൽ കോഴ്സ് പൂർത്തികരിച്ചിട്ടുണ്ട്. അതേസമയം ശ്രീമതി.അശ്വതി വി മേൽ സൂചിപ്പിച്ച റഗുലർ കോഴ്സ് ചെയ്ത കാലയളവിൽ **2019** നവംബർ മുതൽ **2020** മാർച്ച് വരെ **(2020** മാർച്ചിന് ശേഷം കോവിഡ് കാലയളവായതിനാൽ **15/07/2021** നാണ് സ്കൂളുകൾ റി ഓപ്പൺ ചെയ്തിട്ടുള്ളത് ) സ്കൂളിൽ ഹാജരായതായി സ്കൂൾ ഹാജർ പട്ടികയിൽ ഒപ്പ് രേഖപെടുത്തിയതായും കാണുന്നു. **06-06-2019** മുതൽ യൂ.പി.എസ്.ടി യായി മാനേജർ നിയമിക്കുകയും നിയമനാഗീകാരം ഇല്ലാതെ തുടർന്ന് വരുന്ന സമയം ഡിപ്പാർട്ട്മെൻറ് അനുമതി വാങ്ങാതെ **01.11.2019** മുതൽ **30.08.2020** വരെ കാലയളവിൽ എം.ഫിൽ റെഗുലർ കോഴ്സിന് ഭാരതിദാസൻ യൂണിവേഴ്സിയിൽ ചേരുകയും എംഫിൽ യോഗ്യത നേടിയതായും അതേസമയം സ്ക്കൂളിൽ അധ്യാപികയായി ഹാജരായതായും കാണുന്നു.

(7) ശ്രീമതി. അശ്വതി. വി-യുടെ നിയമനം ആദ്യം നടത്തിയത് **6/6/2019** മുതലാണ്. എന്നാൽ ടിയാൾ **1.11.2019** മുതൽ **30/8/2020** വരെ എം.ഫിൽ കോഴ്സ്, വകുപ്പു തല അനുമതി ഇല്ലാതെ ചെയ്ത സാഹചര്യത്തിൽ **1.11.2019** തീയതി ഉൾപ്പെടുന്ന കാലയളവ് പ്രൊബേഷൻ പരിധിയിൽ വരുന്നതിനാൽ കോഴ്സ് തീരുന്ന **30/8/2020** വരെ ടിയാളുടെ നിയമനം അംഗീകരിച്ചു നൽകുവാൻ കഴിയില്ല. ആയതിനാൽ യു.പി.എസ്.ടി തസ്തികയിൽ നിയമനം നടന്നിട്ടില്ല എന്നു കണക്കാക്കാൻ മാത്രേമേ സാധിക്കൂ. കോവിഡ് കാലമായതിനാൽ അടുത്ത നിയമനം നടത്താൻ സാധിക്കുന്ന തീയതി **15/7/2021** ആണ്. **15.07.2021** മുതൽ ഇതേ വിദ്യാലയത്തിലെ ഹയർസെക്കണ്ടറി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി **(Jr)** (ഗണിതം) തസ്തികയിലേക്ക് ടിയാളെ സ്ഥാനക്കയറ്റം (ബൈ ട്രാൻസ്ഫർ) നൽകി നിയമിച്ചിരുന്നു. ശ്രീമതി. അശ്വതിയുടെ യു.പി.എസ്.ടി. നിയമനം അംഗീകരിച്ചാൽ മാത്രമേ ടിയാൾക്ക് ഹയർ സെക്കണ്ടറി വിഭാഗത്തിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് അർഹതയുണ്ടാവുകയുള്ളു. യു പി എസ് ടി നിയമനം നടന്നിട്ടില്ല എന്നതിനാൽ ടിയാളുടെ എച്ച്.എസ്.എസ്.ടി (ഗണിതം) തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നിയമനവും അംഗീകരിക്കുവാൻ സാധിക്കുന്നതല്ല. ഈ സാഹചര്യത്തിൽ ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ് ലെ എച്ച്. എസ്. എസ്. ടി (ജൂനിയർ) ഗണിതം, ശ്രീമതി. അശ്വതി. വി-യുടെ **15.07.2019** മുതലുള്ള യു.പി.എസ്.ടി നിയമനവും **15.07.2021** മുതലുള്ള എച്ച്.എസ്.എസ്.ടി(ജൂനിയർ) ഗണിതം തസ്തികയിലുള്ള ബൈട്രാൻസ്ഫർ നിയമനവും അംഗീകരിച്ചു നൽകണമെന്ന ആവശ്യം നിരസിച്ചു നൽകി **Ext.P12** റിവിഷൻ ഹർജി തീർപ്പാക്കി, ടിയാൾ ബഹു.ഹൈകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം.**911/2025** മ്മേലുള്ള **10/1/2025** ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം,തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി, കോഴിക്കോട്

വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര

മാനേജർ, ഇരിങ്ങണ്ണൂർ എച് എസ് എസ്, കോഴിക്കോട്

ശ്രീമതി. അശ്വതി. വി, എച്ച്. എസ്. എസ്. ടി (ജൂനിയർ) ഗണിതം, ഇരിങ്ങണ്ണൂർ എച് എസ് എസ്, കോഴിക്കോട്

ശ്രീമതി. അയിഷ ടി., എച് എസ് ടി, ഇരിങ്ങണ്ണൂർ എച് എസ് എസ്, കോഴിക്കോട്

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 04-06-2025 13:29:55
സെക്ഷൻ ഓഫീസർ